പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2999 | 20/12/2012-ൽ മറുപടിയ്ക്ക്

## കരമന-കളിയിക്കാവിള നാലുവരിപാത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കരമന-കളിയിക്കാവിള നാലുവരിപാത വികസനത്തിനുവേണ്ടി കാരയ്ക്കാമണ്ഡപം മുതൽ വഴിമുക്ക് വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4(1) നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) കാരയ്ക്കാമണ്ഡപം മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ 4 (1) വിജ്ഞാപനം 09-08-2012-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത പാതയുടെ വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ നടപടി ത്വരിതപ്പെടുത്തുന്നതിന്റെ വിവരങ്ങൾ വിശദമാക്കാമോ ? | (ബി) കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ അക്വിസിഷൻ നടപടികൾ 2013 മാർച്ച് മാസമാകുമ്പോൾ പൂർത്തിയാകത്തക്ക വിധത്തിൽ രൂപ രേഖ തയ്യാറാക്കി പൊന്നുംവില നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രാവച്ചമ്പലം-വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ 4 (1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് പൊന്നും വില നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന് ശ്രീ. ബാലകിരൺ ഐ. എ. എസ്.നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.